# ഭൂപരിഷ്ക്കരണവും ദലിതുകളും

കെ.കെ. കൊച്ച്

**1970** ജനുവരി 1ന് പ്രാബല്യത്തിൽ വന്ന ഭൂപരിഷ്ക്കരണ ബില്ലാണ് ജന്മിത്തം അവസാനിപ്പിച്ചതായി പ്രഖ്യാപിച്ചത്. 1957 ഡിസംബർ 18ന് അന്നത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നിയമസഭയിൽ അവതരിപ്പിച്ചതും 1959 ജൂണിൽ പാസ്സാക്കിയതുമായ ഭൂബന്ധ ബില്ലായിരുന്നു മുൻചൊന്ന ബില്ലിന്റെ ആരംഭം. ആദ്യത്തെ ഭൂബന്ധബില്ലിൽ നിർദ്ദേശിക്കപ്പെട്ടത് പ്രായപൂർത്തിയെത്തിയ ഒരു വിവാഹിതനോ കുടുംബത്തിനോ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കണമെന്നും മിച്ചം വരുന്ന ഭൂമി ഭൂരഹിതർക്കിടയിൽ വിതരണം ചെയ്യണമെന്നുമായിരുന്നു. 1960ൽ പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ സാരമായ ഭേദഗതികൾ വരുത്തിയതോടെയാണ് ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ചത്. 1961ൽ ഭേദഗതികളോടെ ബില്ല് നിയമമാകുമ്പോൾ 41മുതൽ 56 വരെയും 61 മുതൽ 73 വരെയും 59 ഉം 80 ഉം വകുപ്പുകൾ ഒഴികെ മറ്റെല്ലാ വകുപ്പുകളും നിലവിൽ വന്നു കഴിഞ്ഞിരുന്നു. മുകളിൽ കൊടുത്തിരിക്കുന്ന റദ്ദായ വകുപ്പുകളിലൂടെ കുടിയാന്മാർക്കോ പാട്ടക്കാർക്കോ ഉടമാവകാശം കിട്ടേണ്ട വ്യവസ്ഥകളും മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യണമെന്ന വ്യവസ്ഥകളുമാണ് റദ്ദായത്. എങ്കിലും ആ നിയമം ഒഴിപ്പിക്കൽ തടയുക. കുടിയായ്മ സ്ഥിരപ്പെടുത്തുക, കുടിയാന്മാർക്ക് ഭൂമിയുടെ ഉടമാവകാശം വാങ്ങാനാവുക, പരിമിതമായി മാത്രം മിച്ചഭൂമി ഏറ്റെടുത്തു വിതരണം ചെയ്യുക. എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു എങ്കിലും ആ ബില്ല് നിയമനടപടികളിലൂടെ റദ്ദായതിനെതുടർന്നാണ് 1963ൽ കേരളാ നിയമസഭയിൽ അവതരിപ്പിച്ചതും 1964ൽ ഏപ്രിൽ 1ന് പാസ്സായതുമായ കേരള ഭൂപരിഷ്കരണം നിയമം പ്രാബല്യത്തിൽ വരുന്നത്. കേരള ഭൂബന്ധബില്ലിൽ നിന്നും ഒട്ടേറെ നീക്കുപോക്കുണ്ടായിരുന്ന ഈ നിയമമാണ് 1970 ജനുവരി 1 ന് ജന്മിത്തം അവസാനിപ്പിച്ചതായി പ്രഖ്യാപിച്ചത്. 1972ലും 1976ലും ഭേദഗതി ചെയ്യപ്പെട്ട് ഭരണഘടനയുടെ 9-ാം പട്ടികയിൽ പെടുത്തിയ നിയമം നടപ്പിലായതോടെ കുടിയാന്മാരുടെ ഒഴിപ്പിക്കലുകൾ ഏറെക്കുറെ തടയാൻ കഴിഞ്ഞിരുന്നു. മാത്രമല്ല, ബില്ലിലെ 72-ാം വകുപ്പ് പ്രകാരം ഭൂമി കൈവശം വച്ചനുഭവിച്ചുപോരുന്ന എല്ലാ കുടിയാന്മാർക്കും, കുടിയാന്മ സ്ഥിരതയ്ക്കർഹതയുണ്ടെങ്കിൽ അവരുടെ ഭൂമിയിൽ ജന്മിമാർക്കും ഇടത്തട്ടുകാർക്കുമുള്ള എല്ലാ അവകാശങ്ങളും 1970 ജനുവരി 1 മുതൽ ഗവൺമെന്റിൽ നിക്ഷിപ്തമായി. ഇതോടെ കുടിയാന്മാരും ഭൂവുടമകളുമായുള്ള നേരിട്ടുള്ള ബന്ധമവസാനിക്കുകയും, കുടിയാന്മാർ അവരുടെ അവകാശം ലാന്റ് ട്രൈബ്യൂണൽ വഴി വാങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു. കൂടാതെ, നിശ്ചിതമായ പ്രതിഫലവും ലാന്റ് ട്രൈബ്യൂണൽ വഴി ലഭിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടു. ഇതിന്റെയടിസ്ഥാനത്തിൽ 25 ലക്ഷം കുടിയാന്മാർക്ക് കുടിയായ്മ അവകാശം സ്ഥിരപ്പെട്ടുകിട്ടി. ഈയടിസ്ഥാനത്തിലാണ് ജന്മിത്വമവസാനിപ്പിച്ചുവെന്ന പ്രചരണം നിലവിൽ വന്നത്.

കുടിയാന്മാർ മാത്രമായിരുന്നില്ല ഭൂമിയുമായി ബന്ധപ്പെട്ടിരുന്നവർ. ജന്മിമാരുടെയോ കുടിയാന്മാരുടെയോ ഭൂമിയിൽ കുടിപാർത്ത് കാർഷിക - കാർഷികേതര വൃത്തികളിലേർപ്പെട്ടിരുന്നവരായ വലിയൊരു സംഖ്യ കുടിപാർപ്പുകാരുണ്ടായിരുന്നു. ഈ വിഭാഗത്തിൽ എല്ലാ ജാതി / സമുദായങ്ങളും ഉണ്ടായിരുന്നെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും ദലിതുകളായിരുന്നു. ഭൂപരിഷ്ക്കരണ ബില്ലിലെ 74-ാം വകുപ്പു പ്രകാരം 1964 ഏപ്രിൽ 1 മുതൽ പുതിയ കുടിയായ്മയോ കുടികിടപ്പോ സൃഷ്ടിച്ചാൽ അത് അസാധുവാകുമെന്ന് നിയമമായതോടെ, സ്വന്തമായി ഭൂമിയില്ലാത്തവരും, ജന്മിയുടെയോ കുടിയാന്റെയോ സ്ഥലത്ത് കുടിൽകെട്ടി താമസിക്കുന്നവരെ കുടികിടപ്പുകാരായി നിർവ്വചിച്ച്, കർഷകരെന്ന നിർവ്വചനത്തിൽ, അവർ താമസിച്ചുവരുന്ന കുടിലും അതുപയോഗിക്കുന്നതിനുള്ള ചുറ്റുപാടും സ്വന്തമായുപയോഗിക്കാനും, ഉടമസ്ഥാവകാശം വിലയ്ക്ക് വാങ്ങാനും അവകാശം ലഭിച്ചു. ഇപ്ര

**കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂപരിഷ്ക്കരണം പൂർത്തിയാക്കേണ്ടത്, ഭൂമിയുൾപ്പെടെയുള്ള മുഴുവൻ സാമ്പത്തികോൽപ്പാദനങ്ങളിലും ദലിതുകളുടെ അവകാശം സ്ഥാപിച്ചുകൊണ്ടായിരിക്കണം. ഇതിനായി കർഷകത്തൊഴിലാളിയെന്ന നിർവ്വചനത്തെ നിഷേധിച്ച് ദലിതുകളൊരു സമുദായമായി പുനർനിർവ്വചിക്കേണ്ടതുണ്ട്.**

കാരമുള്ള കുടികിടപ്പുകാരൻ 1963 ആഗസ്റ്റ് 16ന് മുമ്പ് സ്വന്തം കുടിലിൽ താമസിക്കുന്നയാളും, നിയമം പ്രാബല്യത്തിൽ വരുമ്പോൾ താമസം തുടരുന്നയാളുമായിരിക്കണം. 1976 അവസാനം വരെ ഇപ്രകാരമുള്ള 5 ലക്ഷം കുടികിടപ്പുകാർക്ക് അവരുടെ കുടികിടപ്പവകാശം അംഗീകരിച്ചു നൽകിയതായി കണക്കാക്കപ്പെടുന്നുണ്ട്. കുടികിടപ്പവകാശം ഇപ്രകാരമായിരുന്നു. കുടിൽ ഉപയോഗിക്കുന്നതിനാവശ്യമായ ചുറ്റുപാട് എന്ന് പറയുന്നത് പഞ്ചായത്തുകളിൽ 10 സെന്റും മുൻസിപ്പാലിറ്റികളിൽ 5 സെന്റും മേജർ മുൻസിപ്പാലിറ്റികളിൽ 3 സെന്റുമായിരുന്നു. നിയമത്തിലെ 74-ാം വകുപ്പുപ്രകാരം പുതിയ കുടികടപ്പ് സൃഷ്ടിക്കാൻ കഴിയാതെ വന്നതോടെയാണ് അധികം വന്നവരുടെ കുടി പാർപ്പിനായി സർക്കാരിന്റെ ചുമതലയിൽ ആദ്യം ഹരിജൻ കോളനികളും, പിന്നീട് ലക്ഷം വീട് കോളനികളും സൃഷ്ടിച്ചത്. പിന്നെയും വന്ന മിച്ചങ്ങളാണ് റോഡ് - തോട് പുറമ്പോക്കുകളെ കുടിപാർപ്പു കേന്ദ്രങ്ങളാക്കിയത്.

ഭൂവുടമാബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിൽ വലുതായ പങ്ക് വഹിച്ചത് തോട്ടം വ്യവസായത്തോടൊപ്പം ദലിതേദര സമുദായങ്ങൾക്കുണ്ടായ രാഷ്ട്രീയ മേധാവിത്വമാണ്. 1824നാണ് യൂറോപ്യന്മാർക്ക് തോട്ടങ്ങൾ സ്ഥാപിക്കാനുള്ള വനഭൂമി പതിച്ചുനൽകുന്നത്. ഈ തോട്ടം വ്യവസായത്തിനനുകൂലമായി 1864ൽ നടന്ന പാട്ടം പ്രഖ്യാപനം ഭൂമിയെ സ്വതന്ത്രമായി ക്രവിക്രയം ചെയ്യാവുന്ന ചരക്കാക്കി മാറ്റി. ഇതോടെയാണ് വൻകിട തോട്ടങ്ങളുടെ ആവിർഭാവം. യൂറോപ്യന്മാരെ പിന്തുടർന്ന് തദ്ദേശീയരും തോട്ടം വ്യവസായത്തിലേക്ക് കടന്നതോടെ വിവിധ സമുദായങ്ങളിൽ ഭൂവുടമസ്ഥത കേന്ദ്രീകരിക്കാനിടയായി. 1947ൽ യൂറോപ്യൻ തോട്ടമുടമകൾ പടിപടിയായി പിന്മാറിയതോടെ തോട്ടങ്ങൾ സ്വകാര്യവ്യക്തികളുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലായി. മാത്രമല്ല, റബ്ബർ ബോർഡ്, കോഫി ബോർഡ് എന്നിവയുടെ രൂപികരണം ചെറുകിട തോട്ടങ്ങളെയും പ്രോത്സാഹിപ്പിച്ചു. ഇതിന്റെ ഫലമായി 2.5 ലക്ഷം ഏക്കറുണ്ടായിരുന്ന റബ്ബർതോട്ടങ്ങൾ 11.75ലക്ഷം ഏക്കറായും കാപ്പികൃഷി 41,600 ഏക്കറിൽ നിന്നും 2.09ലക്ഷം ഏക്കറിലേക്കും വ്യാപിച്ചു. ഇപ്രകാരം തോട്ടം വ്യവസായം കാർഷിക ഭൂമിയുടെ 65% ഉൾക്കൊള്ളുന്നതായി. ഫലമോ, ഭക്ഷ്യോൽപ്പാദനം ഗണ്യമായി കുറയുകയായിരുന്നു. 1940നും 1993നും ഇടയിൽ നെൽപ്പാടങ്ങളുടെ വിസ്തൃതി 6 ലക്ഷം ഏക്കറായി കുറഞ്ഞു. ദലിതേതര വിഭാഗങ്ങളിൽ കേന്ദ്രീകരിച്ച ഈ ഭൂവുടമസ്ഥത സംരക്ഷിക്കുന്നതിനായി 1970ലെ ഭൂപരിഷ്ക്കരണ ബില്ല് ചായ, കാപ്പി, ഏലം, റബ്ബർ എന്നീ തോട്ടങ്ങളെ ഭൂപരിഷ്ക്കരണങ്ങളിൽ നിന്ന് ഒഴിവാക്കുകയും, ബില്ലിന്റെ 82-ാം വകുപ്പനുസരിച്ച് 2ൽ കൂടുതലും 5ൽ അധികരിക്കാത്തതുമായ കുടുംബത്തിന് 10 സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കൈവശ പരിധിയായി നിശ്ചയിക്കുകയും ചെയ്തു. ഇത് സാധാരണ ഏക്കർ കണക്കിൽ കൈവശഭൂവിസ്തൃതി 20 ഏക്കറായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം കൈവശഭൂപരിധി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 1959ൽ കണക്കാക്കിയത് 7,20,000 ഏക്കർ മിച്ചഭൂമി ലഭിക്കുമെന്നാണ്. എന്നാൽ 1991വരെ സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞത് 93,178 ഏക്കർ ഭൂമിയാണ്. അതിൽ തന്നെ 64,237 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. ഇതിന്നർത്ഥം ഭൂപരിഷ്ക്കരണം നടക്കുമ്പോൾ ഭൂരഹിതരായിരുന്നവർ ഇന്നും ഭൂരഹിതരായി തന്നെ തുടരുന്നുവെന്നാണ്.




എന്തുകൊണ്ടാണ് കേരളത്തിൽ നടന്ന ഭൂപരിഷ്ക്കരണങ്ങളിൽ ദലിതുകൾ അവഗണിയ്ക്കപ്പെട്ടത്. കൊളോണിയൽ കാലഘട്ടത്തിൽ നടന്ന തോട്ടം വ്യവസായത്തിലും നാണ്യവിള കൃഷിയിലും ഏർപ്പെട്ടിരുന്നത് മുഖ്യമായും ദലിതേതര സമുദായങ്ങളായിരുന്നു. തന്മൂലം കൊളോണിയൽ ഭരണകൂടവുമായി ബന്ധം പുലർത്താൻ കഴിഞ്ഞതിലൂടെ നിയമനിർമ്മാണങ്ങളെ തങ്ങൾക്കനുകൂലമാക്കാനവർക്ക് കഴിഞ്ഞു. ഈ കാലഘട്ടത്തിൽ ഭൂമി ക്രയവിക്രയസ്വഭാവമുള്ള ചരക്കായതോടെ ദലിതുകളിലെ ചെറുകിട ഭൂവുടമസ്ഥർക്ക് തങ്ങളുടെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടിരിക്കാനാണിടയുള്ളത്. വ്യവസായ വൽക്കരണത്തിലാകട്ടെ ദലിതുകളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന വിഭവങ്ങളും തൊഴിലുകളും ആധുനിക ശാസ്ത്രസാങ്കേതികജ്ഞാനത്താൽ പരിഷ്ക്കരിക്കപ്പെടാതെ പോയി. ഇതോടൊപ്പം ഭൂവുടമസ്ഥതയോടൊപ്പം ഇതരസമുദായങ്ങളുടെ വിഭവങ്ങളും തൊഴിലുകളും വ്യവസായവൽക്കരിക്കപ്പെട്ടതോടെ അവരുടെ കായികമായ തൊഴിൽശക്തിയുടെ ഉറവിടം ദലിതുകളായി മാറി.

തീർച്ചയായും ഭൂപരിഷ്ക്കരണം കേരളത്തിന്റെ സമ്പദ്-സാമൂഹ്യക്രമത്തെ അടിസ്ഥാനപരമായിത തന്നെ മാറ്റിയിട്ടുണ്ട്. ഏറെ പ്രകീർത്തിക്കപ്പെട്ട കേരളാമോഡൽ സൃഷ്ടിയ്ക്കുന്നതിന്റെ പങ്ക് വലുതാണ്. എന്നാൽ കേരളാ മോഡലിന്റെ കാർഷിക-വ്യാവസായിക-സർവ്വീസ് മേഖലകളിൽ നിന്നും ദലിതുകൾ പുറന്തള്ളപ്പെട്ടിരിക്കുകയാണ്. (സർവ്വീസ് മേഖലയിലെ പ്രാതിനിധ്യം ദലിതുകൾക്ക് ലഭിച്ചത് സംവരണം കൊണ്ടാണ്)

ഭൂപരിഷ്ക്കരണങ്ങൾ നടപ്പായതിനെ തുടർന്ന് സംസ്ഥാനത്തുടനീളം തോട്ടം മേഖലയുൾപ്പെടെ വൻകിട ഭൂവുടമസ്ഥരുടേതായൊരു നിര രൂപം കൊണ്ടിട്ടുണ്ട്. ഇവർ സാമുദായിക വിലക്കുകളുടെ ഭേദിച്ച ദലിതേതര സമുദായങ്ങളാണ്. ഇപ്രകാരമൊരു നിര വ്യാവസായിക-വാണിജ്യ - വ്യാപാര രംഗത്തുണ്ട്. ഇതോടൊപ്പം സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടേതുമായ വ്യവസായ സംരംഭങ്ങളും ധനകാര്യസ്ഥാപനങ്ങളുമുണ്ട്.

ദലിതുകൾ പൂർണ്ണമായും പുറന്തള്ളപ്പെട്ടിരിക്കുന്നതും, സവർണ്ണ സമുദായങ്ങളെ ഉൾക്കൊള്ളുന്നതുമായ ഈ‌യവസ്ഥ സൃഷ്ടിക്കുന്നതിൽ പുറംനാടുകളിൽ നിന്നും വർഷംപ്രതി എത്തുന്ന 10,000 കോടി രൂപയുടേതൊഴിച്ചുള്ള സമ്പത്ത് ആഭ്യന്തര വിഭവമേഖലകളിൽ നിന്നുമുള്ളതാണ്. ഈ സമ്പത്തിന്റെ സ്രോതസ്സ്, ഭൂമിയെ ഭക്ഷോൽപ്പാദനത്തേക്കാൾ വാണിജ്യോൽപ്പന്നങ്ങളുടെ ഉൽപ്പന്ന മേഖലയാക്കിയതിലൂടെ രൂപം കൊണ്ടിരിക്കുന്നത്. ഇപ്രകാരം രൂപം കൊണ്ടിരിക്കുന്ന സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നത് സ്വത്തുടമസ്ഥരായിത്തീർന്ന സാമൂഹ്യവിഭാഗങ്ങളിലാണ്. തന്മൂലം, സ്വകാര്യ വിദ്യഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ-വാണിജ്യ-വ്യാപാര കേന്ദ്രങ്ങൾ, വിനോദ വ്യവസായ മേഖല എന്നിവയുടെ നിയന്ത്രണത്തിലായിരിക്കുന്നുവെന്ന് മാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൂടെ ധനകാര്യസ്ഥാപനങ്ങളുടെയും സർക്കാരിന്റെയും വിപുലമായ സഹായം നേടിയെടുക്കാനും ഇവർക്ക് കഴിയുന്നുണ്ട്. ഇത്തരമൊരവസ്ഥയിൽ ഭൂപരിഷ്ക്കരണമുൾപ്പെടെയുള്ള സാമ്പത്തിക പരിഷ്ക്കരണങ്ങളിൽ സാമുദായികതയെ മുഖ്യാവലംബമാക്കേണ്ടതുണ്ട്.

ദലിതുകളുടെ സാമൂഹ്യനവോത്ഥാനത്തിന് നേതൃത്വം കൊടുത്ത അയ്യങ്കാളി, പൊയ്കയിൽ അപ്പച്ചൻ എന്നിവരുടെ പ്രവർത്തനങ്ങൾ സാമൂഹ്യ ബന്ധങ്ങളെ മാറ്റിത്തീർക്കാനുദ്ദേശിച്ചുള്ളതായിരുന്നു. മറിച്ച് ഉടമസ്ഥാവകാശത്തെ മാറ്റിത്തീർക്കാനായിരുന്നില്ല. തന്മൂലമവർ ശ്രീമൂലം പ്രജാസഭയിലാവശ്യപ്പെട്ടത് സർക്കാർ ഉടമസ്ഥതയിലുള്ള തരിശുഭൂമികളും പുതുവൽനിലങ്ങളും പതിച്ചുനൽകണമെന്നാണ്. 1913ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന് കാർഷിക പണിമുടക്കിന്റെ ലക്ഷ്യം ഭൂവുടമസ്ഥത കൈവരിക്കുകയോ, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയോ ആയിരുന്നില്ല, വിദ്യാഭ്യാസാവകാശം നേടിയെടുക്കുകയായിരുന്നു. സാമൂഹ്യനവോത്ഥാനത്തിലെ ഇപ്രകാരമുള്ള നിലപാടുകൾ മൂലം ഭൂവുടമസ്ഥതയുമായുള്ള വൈരുദ്ധ്യമോ സംഘർഷമോ രൂപം കൊണ്ടില്ല. എങ്കിലും സമ്പ്രദായിക തൊഴിൽ വിഭജനങ്ങളെ ഭേദിച്ച് കാർഷികവേലക്കാരോടൊപ്പം, ചെറുകിട സ്വത്തുടമസ്ഥർ, കൈവേലക്കാർ, നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ ഒരുനിരയും ദലിതുകളിൽ നിന്നും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ സാമുദായികാവസ്ഥയുൾക്കൊള്ളാതെ ദലിതുകളെ കർഷകത്തൊഴിലാളികളായി നിർവ്വചിക്കുകയായിരുന്നു കമ്മ്യൂണിസ്റ്റുപാർട്ടികൾ. ഇതോടെ മുൻചൊന്ന വിഭാഗങ്ങളുടെ അവകാശങ്ങളായി മിച്ചഭൂമിയും കൂലിക്കൂടുതലും ജോലിസമയം കുറയ്ക്കലും കർഷകത്തൊഴിലാളി പെൻഷനും മാറുകയായിരുന്നു. ഈ പരിമിതമായ അവകാശങ്ങൾ പോലും നേടിയെടുക്കാനായി ദലിതുകൾക്ക് ഒട്ടേറെ രക്തം ചിന്തേണ്ടിവന്നിട്ടുണ്ട്. 60കളെ മദ്ധ്യത്തിൽ സവർണ്ണ- ക്രൈസ്തവ-നായർ മേധാവികൾ രൂപീകരിച്ച കേരള കോൺഗ്രസ്സാണ് കർഷകത്തൊഴിലാളികളെന്ന് വിളിയ്ക്കപ്പെട്ട ദലിതുകൾക്കെതിരെ എണ്ണമറ്റ ആക്രമണങ്ങൾ അഴിച്ചുവിട്ടത്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകാനുള്ള നിയമം കമ്മ്യൂണിസ്റ്റ് പാർട്ടികൾശ്പ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അട്ടിമറിച്ചത് ദലിത് - ആദിവാസികൾക്കെതിരായ അടിച്ചമർത്തലിന്റെ തുടർച്ചയായാണ് വിലയിരുത്തപ്പെടേണ്ടത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂപരിഷ്ക്കരണം പൂർത്തിയാക്കേണ്ടത്, ഭൂമിയുൾപ്പെടെയുള്ള മുഴുവൻ സാമ്പത്തികോൽപ്പാദനങ്ങളിലും ദലിതുകളുടെ അവകാശം സ്ഥാപിച്ചുകൊണ്ടായിരിക്കണം. ഇതിന്നായി കർഷകത്തൊഴിലാളിയെന്ന നിർവ്വചനത്തെ നിഷേധിച്ച് ദലിതുകളൊരു സമുദായമായി പുനർനിർവ്വചിക്കേണ്ടതുണ്ട്.


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീർ** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/ 35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**നീതിയിൽനിന്നും കുടിയൊഴിക്കപ്പെട്ടവർ** മലയാളം ഡോക്യുമെന്ററി സി.സുരേന്ദ്രൻ/സി.ശരത്ചന്ദ്രൻ 26 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം

കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9447674375